"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്-ഇരവിപുരം നിയോജകമണ്ഡലത്തിലെ Improvements to Roads by providing BM&BC in YMCA road from Ch 0/000-0/240 എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ജി) വകുപ്പ്**

സ.ഉ.(കൈ) നം.59/2024/PWD തീയതി,തിരുവനന്തപുരം, 07-11-2024

---

പരാമർശം:-

1. 06.02.2017 -ലെ സഉ(പി)നം. 16/2017/ധന
2. 21/03/2023 തീയതിയിലെ സ.ഉ(സാധാ)നം.332/2023/PWD
3. പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 01/03/2024 തീയതിയിലെ CEPWD/3591/2024-C4(W)-RD നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിൽ ഇരവിപുരം നിയോജകമണ്ഡലത്തിലെ Improvements to Roads by providing BM&BC in YMCA road from Ch 0/000-0/240 എന്ന പ്രവൃത്തിക്ക് മേൽ പരാമർശം 2 പ്രകാരം 30.3 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തിക്ക് അതേ തുകക്ക് സാങ്കേതികാനുമതി നൽകി 13 പ്രാവശ്യം ടെണ്ടർ ചെയ്തു. ഒന്ന് മുതൽ എട്ട് വരെയുള്ള ടെണ്ടറുകളിലും പന്ത്രണ്ടാമത്തെ ടെണ്ടറിലും ബിഡ് ഒന്നും ലഭിച്ചില്ല. ഒൻപതാമത്തെ ടെണ്ടറിലും പതിനൊന്നാമത്തെ ടെണ്ടറിലും ഒറ്റ ബിഡ് മാത്രം ലഭിച്ചു. എന്നാൽ ബിഡ് അംഗീകരിക്കാവുന്ന നിരക്കിലധികമായിരുന്നു. കോൺട്രാക്ടർ തുക കുറക്കാൻ തയ്യാറാകാതിരുന്നതിനാൽ പതിമൂന്നാമതും ടെണ്ടർ ചെയ്തു. ഒറ്റ ബിഡ് തന്നെ ഈ ടെണ്ടറിലും ലഭിച്ചു. പ്രസ്തുത ബിഡ് സമർപ്പിച്ച SUKU INFRACON PVT LTD ക്വോട്ട് ചെയ്ത തുകയായ 30,77,739.74/- രൂപ മേൽ പരാമർശം 1-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണ് എന്നും, എന്നാൽ ടി റോഡ് നിലവിൽ വളരെ മോശമായ രീതിയിൽ തകർന്ന് കിടക്കുകയാണ് എന്നത് പരിഗണിച്ച്, നിലവിൽ കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്ന EPAC യെക്കാൾ 19.86% അധികമായ 30,77,739.74/- രൂപക്ക് പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിന് അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം അഭ്യർത്ഥിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, ഇരവിപുരം നിയോജകമണ്ഡലത്തിലെ **Improvements to Roads by providing BM&BC in YMCA road from Ch 0/000-0/240**-എന്ന പ്രവൃത്തിയ്ക്കായി SUKU INFRACON PVT LTD ക്വോട്ട് ചെയ്ത തുകയായ 30,77,739.74 രൂപ, (മുപ്പത് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊൻപതു രൂപ എഴുപത്തി നാല് പൈസ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 19.86% കൂടുതൽ ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള

മാനദണ്ഡമായ "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല,

പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കൊല്ലം

ധനകാര്യ വകുപ്പ് (**No.I&PW-B1/159/2024-Fin (E 2799667)** dated 04.10.2024)

പൊതുഭരണ (എസ്.സി) വകുപ്പ് 06.11.2024-ലെ മന്ത്രിസഭായോഗം ഇനം നം. 2486)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha o.d
സെക്ഷൻ ഓഫീസർ
Date: 08-11-2024 10:31:02

പകർപ്പ്-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് സെക്രട്ടറിയുടെ പി.എ.